# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 മാർച്ച് 10 മുതൽ മാർച്ച് 14 വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.202021 | തീയ്യതി: 09/03/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 33.0 – 34.0 | 22.5.0 – 24.2 | 63– 92 | 02 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 10-03-2021 | 11-03-2021 | 12-03-2021 | 13-03-2021 | 14-03-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 0 | 1 | 0 | 0 | 0 |
| കൂടിയ താപനില, °C | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില, °C | 23 | 23 | 23 | 23 | 23 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 82 | 82 | 82 | 82 | 82 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 61 | 61 | 61 | 61 | 61 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 16 | 14 | 12 | 12 | 14 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 230 | 250 | 250 | 250 | 270 |
| മേഘ വിന്യാസം, ഒക്ടാ | 7 | 7 | 2 | 1 | 2 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | **മഴയ്ക്ക് സാധ്യതയില്ല.** **മണ്ണിൽനിന്നും വിളകളിൽ നിന്നും ഉണ്ടായേക്കാവുന്ന ഈർപ്പ നഷ്ടം കുറക്കുവാനുള്ള നടപടികൾ സ്വീകരിക്കുക** | | |
| പയർ വിളകൾ | കായ്ക്കുന്ന ഘട്ടം | ചാഴി  | മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ കീടനാശിനി തളിക്കുക. |

| | | | |
|---|---|---|---|
| വിവിധ വിളകൾ | വിവിധ ഘട്ടം | നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ<br><br>നിലവിൽ അനുഭവപ്പെടുന്ന വരണ്ട കാലാവസ്ഥ മുഞ്ഞ, തുള്ളൻ, മണ്ടരി, ചാഴി, വെള്ളീച്ച, മീലിമൂട്ട മുതലായ നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ വർദ്ധിക്കാൻ അനുയോജ്യമായ കാലാവസ്ഥയാണ്. മിക്കവയും മൊസൈക് പോലുള്ള രോഗങ്ങൾ ഉണ്ടാക്കുന്ന വൈറസിനെ പരത്തുന്നവയാണ് | 5 മില്ലി വേപ്പെണ്ണ 1 ലിറ്ററിന് 5 ഗ്രാം വീതം സോപ്പ് ലയിപ്പിച്ച ഇളം ചൂടുള്ള ലായനിയിൽ ചേർത്തിളക്കി തയ്യാറാക്കിയ കീടനാശിനി തളിക്കുക<br>അല്ലെങ്കിൽ<br>മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ കീടനാശിനി തളിക്കുക. |
| മാവ് | കായ പിടിക്കുന്ന ഘട്ടം/ മൂപ്പെത്തുന്ന ഘട്ടം | കായീച്ച<br> | നിലത്തു വീണു കിടക്കുന്ന കായീച്ചകളെ എടുത്തു 60 സെ. മീ. ആഴത്തിൽ കുഴി ഉണ്ടാക്കി നശിപ്പിക്കുക.<br>തോട്ടങ്ങളിൽ ഫിറമോൺ കെണികൾ (സെന്റിന് ഒന്ന് വീതം) സ്ഥാപിക്കുക.<br>മൂപ്പെത്തിയ മാങ്ങകൾ പഴുക്കുന്നതിനു മുമ്പെ പറിച്ചെടുക്കുക. തിളക്കുന്ന വെള്ളവും തണുത്ത വെള്ളവും തുല്യ അളവിൽ യോജിപ്പിച്ച് ഒരു ലിറ്റർ വെള്ളത്തിന് ഒരു ടേബിൽ സ്പൂൺ എന്ന തോതിൽ കറിയുപ്പ് ലയിപ്പിക്കുക. പ്രസ്തുത ലായനിയിൽ മാങ്ങകൾ 2 മിനിട്ട് നേരത്തേക്ക് മുക്കിയെടുത്ത് വെള്ളം തോർത്തി കളഞ്ഞതിനു ശേഷം പഴുക്കാൻ വെക്കുക. |

| | | | |
|---|---|---|---|
| മൃഗ സംരക്ഷണം | വിവിധ ഘട്ടം | അത്യോഷ്മാവ്<br><br>**അന്തരീക്ഷ ഊഷ്മാവ് അധികമാവുമ്പോൾ**<br>കൂടുതലായി അനുഭവപ്പെടുന്ന ചൂട് പുറന്തള്ളാൻ കഴിയാതെ ശരീരത്തിൽ തന്നെ അവശേഷിക്കുന്നത് വഴി മൃഗങ്ങളുടെ ശരീരം താപസമ്മർദ്ദം (heat stress)-ന് അടിപ്പെടുന്നു. പശുക്കളിൽ അമിത താപസമ്മർദ്ദം ഉണ്ടാകുമ്പോൾ ഉമിനീർ ധാരാളമായി പുറന്തള്ളും. പശുക്കളുടെ സ്വാഭാവിക ദഹന വ്യവസ്ഥയെ ബാധിക്കുകയും തുടർന്ന്. തീറ്റയെടുക്കൽ കുറയുക, പ്രത്യുല്പാദന വ്യവസ്ഥയെ ബാധിക്കുക, മദിചക്രത്തെയും ഗർഭ ധാരണത്തെയും ബാധിക്കുക, ഉൽപ്പാദനം കുറയുക, പാലിന്റെ കൊഴുപ്പിന്റെ അളവ് കുറയുക എന്നിവയ്ക്ക് കാരണമായി തീരുകയും ചെയ്യും . | തൊഴുത്തിന്റെ മേൽക്കൂര സാമാന്യം ഉയരത്തിൽ ആയിരിക്കണം. തൊഴുത്തിൽ ധാരാളം വായു സഞ്ചാരമുണ്ടായിരിക്കണം ഇടുങ്ങിയ, വായു സഞ്ചാരമില്ലാത്ത ഉയരംകുറഞ്ഞ കോൺക്രീറ്റ്, ഓട് ഷീറ്റ് എന്നീ മേൽക്കൂരകളോട് കൂടിയ തൊഴുത്തു/കൂട് മുഴുവൻ മറച്ച തൊഴുത്തുകൾ/കൂടുകൾ എന്നിവ പൂർണമായും ഒഴിവാക്കണം. തൊഴുത്തിന് ചുറ്റും തണൽവൃക്ഷങ്ങളുണ്ടെങ്കിൽ ചൂട് കുറക്കുന്നതിന് സഹായിക്കും.<br><br>തൊഴുത്തുകളിൽ ഫാൻ വച്ചുകൊടുക്കാം. സീലിംഗ് ഫാനുകളെക്കാൾ ഗുണം ചെയ്യുക ചുമരിൽ പിടിപ്പിക്കാവുന്ന ഫാനുകളാണ്.<br><br>ധാരാളം ശുദ്ധ ജലം എപ്പോഴും കുടിക്കാൻ ലഭ്യമാക്കണം. ശരീര ഭാരത്തിന്റെ 60 ശതമാനത്തിലധികം ജലാംശമാണെന്നതും പാലിൽ ജലാംശം 80 ശതമാനത്തേക്കാൾ കൂടുതലാണെന്നതും മറക്കാതിരിക്കുക.<br><br>എളുപ്പം ദഹിക്കുന്ന ഖരാഹാരത്തിന്റെ അളവു കൂട്ടുക. ഇതോടൊപ്പം സോഡിയം, പൊട്ടാസ്യം, സിങ്ക്, മാംഗനീസ്, കോപ്പർ എന്നിവ അടങ്ങിയ ധാതുലവണ മിശ്രിതം കൂടി നൽകുക. ദിവസത്തിൽ ചൂടുകൂടുതലുള്ള സമയങ്ങളിൽ തീറ്റ കൊടുക്കുന്നത് ഒഴിവാക്കുക.<br><br>പകൽ സമയങ്ങളിൽ, തൊഴുത്തിന് വെളിയിലാണെങ്കിൽ, മൃഗങ്ങളെ തണൽ മരങ്ങളുടെ ചുവട്ടിൽ നിർത്തുക. |

ഒപ്പ് /-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി